"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

തദ്ദേശ സ്വയംഭരണ വകുപ്പ് - ജീവനക്കാര്യം - പള്ളം ബ്ലോക്ക് പഞ്ചായത്തിലെ ഹെഡ്ക്ലർക്ക്/ സീനിയർ എക്സ്റ്റൻഷൻ ഓഫീസർ(എംപവർമെന്റ്) ആയിരുന്ന ശ്രീ. തോമസ് തോമസിന് 12/09/2024 തീയതി മുതൽ 21/10/2024 വരെ പ്രത്യേക അവശതാവധി അനുവദിച്ചുകൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയംഭരണ (ഇആർഎ) വകുപ്പ്**

സ.ഉ.(സാധാ) നം.263/2026/LSGD തീയതി,തിരുവനന്തപുരം, 02-02-2026

---

1 പള്ളം ബ്ലോക്ക് പഞ്ചായത്ത് ഡെവലപ്പ്മെന്റ് ഓഫീസറുടെ 12/09/2024 തീയതിയിലെ നടപടിക്രമം.

2 ശ്രീ തോമസ് തോമസിന്റെ 23/09/2024 തീയതിയിലെ അപേക്ഷ

3 പള്ളം ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറിയുടെ 02.09.2025-ലെ 4217788/25 നമ്പർ ഉത്തരവ്.

4 പ്രിൻസിപ്പൽ ഡയറക്ടറുടെ 18.09.2025-ലെ LSGD/PD/38767/2024-DEB4 നമ്പർ കത്ത്.

**<u>ഉത്തരവ്</u>**

പള്ളം ബ്ലോക്ക് പഞ്ചായത്തിലെ ഹെഡ്ക്ലർക്ക്/ സീനിയർ എക്സ്റ്റൻഷൻ ഓഫീസർ(എംപവർമെന്റ്) ആയിരുന്ന ശ്രീ. തോമസ് തോമസ് ന്(നിലവിൽ ഏറ്റുമാനൂർ ബ്ലോക്ക് പഞ്ചായത്തിലെ ഹെഡ്ക്ലർക്ക്/ സീനിയർ എക്സ്റ്റൻഷൻ ഓഫീസർ) 11/09/2024 തീയതി തന്റെ ഔദ്യോഗിക കൃത്യനിർവ്വഹണം കഴിഞ്ഞ് വീട്ടിലേയ്ക്ക് മടങ്ങുന്ന വഴി അപകടം സംഭവിക്കുകയുണ്ടായി. ഇതുമായി ബന്ധപ്പെട്ട് മെഡിക്കൽ സർട്ടിഫിക്കറ്റും മേലധികാരിയുടെ സാക്ഷ്യപത്രവും സമർപ്പിച്ചിട്ടുണ്ട്. 11/09/2024 -ന് നടന്ന അപകടത്തെത്തുടർന്ന് ടിയാന് 12/09/2024 തീയതി മുതൽ 23/10/2024 തീയതി വരെ പരാമർശം (1) പ്രകാരം

പരിവർത്തിതാവധി അനുവദിക്കുകയുമുണ്ടായി. ഔദ്യോഗിക കൃത്യനിർവ്വഹണത്തിന്റെ ഭാഗമായി നടത്തിയ യാത്രയ്ക്കിടയിൽ സംഭവിച്ച അപകടമായതിനാൽ പ്രസ്തുത കാലയളവിലേയ്ക്ക് പ്രത്യേക അവശതാവധി അനുവദിക്കുന്നതിന് ടിയാൻ പരാമർശം (2) പ്രകാരം അപേക്ഷ സമർപ്പിച്ചിരുന്നു. ആയത് പരിഗണിച്ച് ടി പരിവർത്തിതാവധി റദ്ദ് ചെയ്തു കൊണ്ട് പരാമർശം (3) പ്രകാരം ഉത്തരവാകുകയും ടിയാന് ടി കാലയളവിലേയ്ക്ക് കെഎസ്ആർ പാർട്ട് I റൂൾ 98 പ്രകാരം പ്രത്യേക അവശതാവധി അനുവദിക്കുന്നതിന് അനുകൂലമായി ശിപാർശ ചെയ്തുകൊണ്ട്, ശ്രീ.തോമസ് തോമസിന്റെ അപേക്ഷ അനുബന്ധ രേഖകൾ സഹിതം പരാമർശം (4) പ്രകാരം പ്രിൻസിപ്പൽ ഡയറക്ടർ സർക്കാരിൽ സമർപ്പിച്ചിട്ടുണ്ട്.

സർക്കാർ ഈ വിഷയം വിശദമായി പരിശോധിച്ചു. , ശ്രീ. തോമസ് തോമസ് പള്ളം ബ്ലോക്ക് പഞ്ചായത്തിൽ സേവനമനുഷ്ഠിച്ചു വരികെ തന്റെ ഔദ്യോഗിക കൃത്യനിർവ്വഹണം കഴിഞ്ഞ് വീട്ടിലേയ്ക്ക് മടങ്ങുന്ന വഴി സംഭവിച്ച അപകടത്തെത്തുടർന്ന് 12/09/2024 തീയതി മുതൽ 22/10/2024 വരെയുള്ള കാലയളവിൽ പരിവർത്തിതാവധിയിൽ പ്രവേശിക്കുകയും 22/10/2024 തീയതിയിലെ ഫിറ്റ്നസ് സർട്ടിഫിക്കറ്റ് ഹാജരാക്കി 23/10/2024 പൂർവ്വാഹ്നത്തിൽ ഏറ്റുമാനൂർ ബ്ലോക്ക് പഞ്ചായത്തിൽ ജോലിയിൽ പ്രവേശിക്കുകയും ചെയ്തു. പ്രസ്തുത സാഹചര്യത്തിൽ പള്ളം ബ്ലോക്ക് പഞ്ചായത്തിലെ ഹെഡ്ക്ലർക്ക്/ സീനിയർ എക്സ്റ്റൻഷൻ ഓഫീസർ(എംപവർമെന്റ്) ആയിരുന്ന ശ്രീ. തോമസ് തോമസ് ന് 12/09/2024 തീയതി മുതൽ 21/10/2024 തീയതി വരെയുള്ള കാലയളവിലേയ്ക്ക് കെഎസ്ആർ പാർട്ട് I റൂൾ 98 പ്രകാരം പ്രത്യേക അവശതാവധി അനുവദിച്ചുകൊണ്ട് ഉത്തരവാകുന്നു. 22/10/2024 തീയതിയിലെ ഫിറ്റ്നസ്സ് സർട്ടിഫിക്കറ്റ് ഹാജരാക്കിയിരിക്കുന്നതിനാൽ ടി തീയതിയിലേയ്ക്ക് മെഡിക്കൽ സർട്ടിഫിക്കറ്റിന്റെ ആനുകൂല്യം അനുവദിക്കാനാകാത്തതിനാൽ ചട്ടപ്രകാരമുള്ള അവധി അപേക്ഷ വാങ്ങിയ ശേഷം 22/10/2024 ടിയാളുടെ ക്രഡിറ്റിലെ അർഹതപ്പെട്ട അവധിയായോ ടി ദിവസം, ഇൻക്രിമെന്റ്, ഹയർഗ്രേഡ്, പെൻഷൻ, ആർജ്ജിതാവധി എന്നിവയ്ക്ക് പരിഗണിക്കുകയില്ലായെന്ന വ്യവസ്ഥയിൽ കെ.എസ്.ആർ. ഭാഗം I ചട്ടം 88 പ്രകാരം മെഡിക്കൽ സർട്ടിഫിക്കറ്റിന്മേലല്ലാതെയുള്ള ശൂന്യവേതനാവധിയായോ ക്രമീകരിക്കുന്നതിനുള്ള നടപടികൾ തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർ സ്വീകരിക്കേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
റഷീദാ എസ്
ജോയിന്റ് സെക്രട്ടറി

പ്രിൻസിപ്പൽ ഡയറക്ടർ, എൽഎസ്ജിഡി, തിരുവനന്തപുരം.

ശ്രീ  തോമസ് തോമസ് , ഏറ്റുമാനൂർ ബ്ലോക്ക് പഞ്ചായത്ത്.

സെക്രട്ടറി, ഏറ്റുമാനൂർ ബ്ലോക്ക് പഞ്ചായത്ത്.

സെക്രട്ടറി, പള്ളം ബ്ലോക്ക് പഞ്ചായത്ത്

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ(ഓഡിറ്റ്)  കേരള ,തിരുവനന്തപുരം

അക്കൗണ്ടന്റ് ജനറൽ(എ&ഇ)  കേരള ,തിരുവനന്തപുരം

ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് തിരുവനന്തപുരം.

ഡയറക്ടർ, ഇൻഫർമേഷൻ കേരളാ മിഷൻ, തിരുവനന്തപുരം.

ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് (വെബ് & ന്യൂ മീഡിയ)  ഡിപ്പാർട്ട്മെന്റ്.

(ഗവ.വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)

സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

Signed by
Suja. M
Date: 02-02-2026 16:56:43

സെക്ഷൻ ഓഫീസർ